# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

30.11.2018 ലെ മറുപടി

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.959

### കനാലുകളുടെ നവീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ഡി. പ്രസേനൻ: | കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ആലത്തൂർ നിയോജക മണ്ഡലത്തിലെ കനാലുകളുടെ നവീകരണം പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;<br>(ബി) ഉണ്ടെങ്കിൽ അവയുടെ വിശദാംശം നൽകുമോ;<br>(സി) ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (എ)യും (ബി)യും (സി)യും<br>ആലത്തൂർ നിയോജക മണ്ഡലത്തിലെ ചെറുകിട ജലസേചന വിഭാഗത്തിന് കീഴിൽ പുള്ളോട് ലിഫ്റ്റ് ഇറിഗേഷൻ സ്കീമിൽ 0.64 കിലോ മീറ്റർ കനാലും 2.54 കിലോ മീറ്റർ പൈപ്പുമാണ് ഉള്ളത്. ഇവ ജലസേചനത്തിന് പര്യാപ്തമാണ്. മിർപ്പ – മലബാർ ഇറിഗേഷൻ പാക്കേജിൽ ഉൾപ്പെടുത്തി 2011 ൽ നവീകരിച്ചിട്ടുണ്ട്. കാഡ ചാനലുകളുടെ നവീകരണത്തിനായി മംഗലം, ചേരാമംഗലം പദ്ധതികൾക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. പ്രവർത്തികളുടെ ദർഘാസിനുള്ള നടപടികൾ എടുത്തു വരുന്നു. കൂടാതെ നിരാ പദ്ധതിയിലുൾപ്പെടുത്തിയ ചേരാമംഗലം പദ്ധതിയുടെ പ്രവർത്തികൾക്കായി സമർപ്പിച്ച ശിപാർശ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ